**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3891** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാഹന നികുതി കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ വാഹന നികുതി കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ; നടപ്പാക്കുമെങ്കിൽ എന്നുമുതൽ എന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ 2015 മുതൽ 2024 വരെയുള്ള കാലയളവിൽ വാഹന നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2025ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടർന്നിട്ടില്ല. |
| (ബി) | തങ്ങളുടെ പേരിലുള്ള വാഹന നികുതി കുടിശികയെ പറ്റി അജ്ഞരായ നിരവധി ആളുകളുടെ ഭൂമി ജപ്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട താലൂക്ക്, വില്ലേജ് ഓഫീസുകളിൽ നിർദ്ദേശമെത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ നികുതി സമയബന്ധിതമായി ഒടുക്കുക എന്നത് വാഹന ഉടമയുടെ ഉത്തരവാദിത്തമാണ്. നികുതി ഒടുക്കാത്ത സാഹചര്യത്തിൽ വാഹന ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകുകയും നോട്ടീസ് വാഹന ഉടമ കൈപറ്റി എന്ന് ഉറപ്പ് വരുത്തുകയും ആയതിന് വാഹന ഉടമയുടെ ഭാഗത്തുനിന്നും യതൊരു പ്രതികരണവും ഇല്ലാതെയിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (സി) | ഇത്തരത്തിൽ ജപ്തി ഭീഷണി നേരിടുന്ന പലരും വർഷങ്ങൾക്കു മുൻപ് വാഹനങ്ങൾ മറ്റുള്ളവർക്ക് വില്പന നടത്തിയവരോ അല്ലെങ്കിൽ വാഹനങ്ങൾ ഉപയോഗശൂന്യമായതിനാൽ ഒഴിവാക്കിയവരോ വാഹനങ്ങൾ നശിച്ചു പോയവരോ ആണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വാഹന ഉടമ തന്റെ വാഹനം കൈമാറ്റം ചെയ്യുമ്പോഴും ഉപയോഗ്യശൂന്യമായാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുമ്പോഴും അതത് ആർ.ടി./സബ് ആർ.ടി. ഓഫീസുകളിൽ സമയ ബന്ധിതമായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കാത്തതിനാലാണ് വാഹന നികുതി കുടിശ്ശികയാകുന്നതും തുടർന്ന് ജപ്തി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടാകുന്നതും . |
| (ഡി) | ഇത്തരത്തിൽ നികുതി കുടിശിക വന്ന് ജപ്തി ഭീഷണി നേരിടുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം | (ഡി) | സർക്കാർ 2015 മുതൽ 2024 വരെയുള്ള കാലയളവിൽ ഒറ്റത്തവണ പദ്ധതി നടപ്പിലാക്കുകയും ആയത് നിരവധി ആളുകൾ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

<table>
<tr><td></td><td>കുടിശിക തീർക്കുന്നതിന് അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;</td><td></td><td></td></tr>
<tr><td>(ഇ)</td><td>ഇത്തരത്തിൽ വാഹന നികുതി കുടിശികയുടെ പേരിൽ ജപ്തി നടപടി വന്നിട്ടുള്ളവരുടെ വിവരം തുകകളും ജില്ലകളും തിരിച്ച് വിശദമാക്കാമോ;</td><td>(ഇ)</td><td>31.03.2025 വരെ 72,122 വാഹനങ്ങളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിനു ആർ.ആർ. നടപടികൾക്കായി വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച വാഹനങ്ങളുടെ എണ്ണം</th><th>തുക</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>1491</td><td>9,87,76,826</td></tr>
<tr><td>2</td><td>കൊല്ലം</td><td>1403</td><td>6,37,46,946</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>2671</td><td>3,34,92,874</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>1790</td><td>3,06,19,493</td></tr>
<tr><td>5</td><td>കോട്ടയം</td><td>2584</td><td>20,50,58,557</td></tr>
<tr><td>6</td><td>ഇടുക്കി</td><td>12058</td><td>18,76,67,178</td></tr>
<tr><td>7</td><td>എറണാകുളം</td><td>20158</td><td>25,51,34,015</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>4824</td><td>31,78,60,812</td></tr>
<tr><td>9</td><td>പാലക്കാട്</td><td>6094</td><td>2,65,22,36,910</td></tr>
<tr><td>10</td><td>മലപ്പുറം</td><td>6757</td><td>1,08,92,81,963</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>3136</td><td>7,83,83,200</td></tr>
<tr><td>12</td><td>വയനാട്</td><td>303</td><td>89,45,160</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>5524</td><td>6,32,78,754</td></tr>
<tr><td>14</td><td>കാസറഗോഡ്</td><td>3329</td><td>11,90,53,770</td></tr>
<tr><td></td><td>ആകെ</td><td>72122</td><td>5,20,35,36,458</td></tr>
</table></td></tr>
<tr><td>(എഫ്)</td><td>ഇത്തരത്തിൽ വാഹന നികുതി കുടിശിക ഒടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(എഫ്)</td><td>സർക്കാർ 2015 മുതൽ 2024 വരെയുള്ള കാലയളവിൽ ഒറ്റത്തവണ പദ്ധതി നടപ്പിലാക്കുകയും ആയത് നിരവധി ആളുകൾ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ജി)</td><td>ഉപയോഗശൂന്യമായതിനാൽ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട ഓഫീസുകളിൽ അപേക്ഷ നൽകിയ വാഹനങ്ങളുടെ ഉടമസ്ഥർക്കും വാഹനം വില്പന നടത്തിയപ്പോൾ വാങ്ങിയ ആളിന്റെ പേരിലേക്ക് രേഖകൾ രജിസ്റ്റർ ചെയ്യുന്നതിന്</td><td>(ജി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് വാഹനത്തിന്റെ നിജസ്ഥിതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | എൻ.ഒ.സി. ലഭിച്ചവർക്കും കുടിശിക ജപ്തി നോട്ടീസുകൾ ലഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ